(സി) മരുതംകുഴി നിവർ വാലി ഭാഗത്തെ വെള്ളപ്പൊക്കം തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കിള്ളിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷണ ഭിത്തി നിർമ്മാണമാണ് പ്രധാനമായും ചെയ്യുവരുന്നത്. ഈ പ്രവൃത്തി വഴയില മുതൽ പള്ളത്തുകടവ് വരെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മരുതംകുഴിയിൽ 26-8-2015-ലുണ്ടായ ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്ന് ബണ്ട് പൊളിഞ്ഞുപോയ ഭാഗത്ത് കോൺക്രീറ്റ് ഭിത്തി നിർമ്മിച്ചു. ഈ ഭാഗം മുതൽ കാട്ടുവെട്ടി പാലം വരെയുള്ള ഭാഗം ഉയരം ക്രമീകരിക്കുന്നതിനും സെക്രട്ടേറിയറ്റ് കോളനിയിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എം.ആർ.എ. യുടെ സമീപത്തുനിന്ന് മരുതംകുഴി പുതിയപാലം വരെ (460 മീ.) കിള്ളിയാറിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്ന പദ്ധതിക്ക് ജില്ലാ കളക്ടർ രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകി സാധൂകരണത്തിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. അടിയന്തര സ്വഭാവം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഇതുകൂടാതെ കാട്ടുവെട്ടി പാലത്തിന്റെ കാഞ്ഞിരംപാറയിൽ നിന്നുമുള്ള Approach road ഉയർത്തുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി മറ്റൊരു പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മേൽവിവരിച്ച പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ പ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

ഭൂജല പരിപോഷണം പദ്ധതി

236 (925) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂജല വകുപ്പ്, ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്താനായി അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, തടയണകൾ, മഴക്കുഴികൾ, ഇറക്ക കിണർ വഴിയുള്ള ഭൂജല സംപോഷണം തുടങ്ങിയവ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജലനിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ, ഇറക്ക കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 80 റീ ചാർജ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹമാര ജൽ - ഹമാര ജീവൻ എന്ന പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭൂജല വിനിയോഗം സംബന്ധിച്ച ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയും ഓരോ ജില്ലകളിൽ നിന്നും ജലക്ഷാമമുള്ള രണ്ട് വില്ലേജുകൾ സമഗ്രമായ ഭൂജല വികസനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വില്ലേജുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഫലപ്രദമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ച് സ്ഥിരമായ ഭൂജല മാനേജ്മെന്റ് നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭൂജലവകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഭൂജല സംപോഷണ പദ്ധതിക്കായി നടപ്പുവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1352/2017

LIBRARY ARCHIVES Kerala Legislative Assembly